# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2065 08.12.2014-ൽ മറുപടിയ്ക്ക്

## ആളുകളെ കസ്റ്റഡിയിൽ എടുത്ത ശേഷം ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എളമരം കരീം<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീമതി.കെ.കെ.ലതിക | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ആളുകളെ കസ്റ്റഡിയിൽ എടുത്ത ശേഷം ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്ന നടപടി അവസാനിപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെടുകയുണ്ടായോ; | (എ) & (ബി) | ബഹു.മനുഷ്യാവകാശ കമ്മീഷനിൽ നിന്നും ഇത്തരത്തിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ അറസ്റ്റ് സംബന്ധിച്ച ബഹു.സുപ്രീംകോടതി നിർദ്ദേശങ്ങൾ പാലിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കസ്റ്റഡിയിൽ എടുക്കുന്നയാളെ നിയമാനുസരണം 24 മണിക്കൂറിനുള്ളിൽ കോടതിയിൽ ഹാജരാക്കി വരുന്നു. ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്നതായ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇത്തരത്തിൽ നിർദ്ദേശം നൽകാനിടയായ സാഹചര്യം ഇപ്പോഴും പോലീസ് സ്റ്റേഷനുകളിൽ നിലനിൽക്കുന്നതായി അറിയാമോ; | | |
| (സി) | ഏതൊരാളേയും അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ടതായ സുപ്രീം കോടതി നിർദ്ദേശങ്ങൾ സംസ്ഥാനത്ത് വ്യാപകമായി ലംഘിക്കപ്പെടുന്നതായി അറിയാമോ; സുപ്രീംകോടതി നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; അവ കർശനമായി പാലിക്കാൻ നടപടി സ്വീകരിക്കാമോ; നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടതായ എത്ര പരാതികൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്? | (സി) | അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കപ്പെടേണ്ട സുപ്രീംകോടതി നിർദ്ദേശങ്ങൾ സംസ്ഥാനത്ത് ലംഘിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അറസ്റ്റ് സംബന്ധിച്ചുള്ള സുപ്രീംകോടതി നിർദ്ദേശങ്ങൾ ഇതോടൊപ്പം **അനുബന്ധമായി** ചേർത്തിരിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, ടി നിർദ്ദേശങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ലംഘിക്കപ്പെട്ടതായ സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

1. അറസ്റ്റ് നടപ്പിലാക്കുകയോ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ ചോദ്യം ചെയ്യുകയോ ചെയ്യുന്ന പോലസ് ഉദ്യോഗസ്ഥൻ കൃത്യവും പ്രകടവും വ്യക്തമായും തിരിച്ചറിയപ്പടേണ്ടതും തസ്തിക കൂടി സൂചിപ്പിക്കുന്ന നെയിംപ്ലേറ്റ് ധരിക്കേണ്ടതുമാണ്. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ ചോദ്യ ചെയ്യുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാരുടെയും വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2. ഒരു വ്യക്തിയെ അറസ്റ്റ് ചെയ്ത പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റ് നടപ്പിലാക്കുന്ന സമയത്ത് ഒരു അറസ്റ്റ് മെമ്മോ തയ്യാറാക്കേണ്ടതും ആ മെമ്മോ ഏറ്റവും കുറഞ്ഞത് ഒരു സാക്ഷിയെകൊണ്ട് സാക്ഷ്യപ്പെടുത്തേണ്ട തുമാണ്. ടി സാക്ഷി അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ ഒരു കുടുംബാംഗമോ അറസ്റ്റ് നടപ്പിലാക്കിയ സ്ഥലത്തുള്ള ആദരണീയനായ ഒരു വ്യക്തിയോ ആകാം. ഇത് അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തി മേലൊപ്പ് ഇടേണ്ടതും അതിൽ അറസ്റ്റ് നടപ്പിലാക്കിയ തിയ്യതിയും സമയവും ഉണ്ടായിരിക്കേണ്ടതുമാണ്.

3. അറസ്റ്റ് മെമ്മോ സാക്ഷ്യപ്പെടുത്തിയ സാക്ഷി അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ സുഹൃത്തോ ബന്ധുവോ അല്ലെങ്കിൽ അറസ്റ്റ് ചെയ്യപ്പെട്ട ഒരു പോലീസ് സ്റ്റേഷനിലോ ചോദ്യം ചെയ്യലിനുവേണ്ടി മറ്റ് ലോക്കപ്പിലോ തടവിലാക്കപ്പെട്ടിരിക്കുന്ന വ്യക്തിക്ക് അയാളുടെ ഒരു സുഹൃത്തിനോടോ ബന്ധുവിനോടോ ആയാൾക്കറിയാവുന്ന ഒരാളിനോടോ അയാളുടെ ക്ഷേമത്തിൽ താൽപര്യമുള്ള ഒരാളിനോടോ, പ്രായോഗികമാകുന്നിടത്തോളം, അയാൾ അറസ്റ്റ് ചെയ്യപ്പെട്ടതായും, ആ പ്രത്യേക സ്ഥലത്ത് തടവിലാക്കപ്പെട്ടിരിക്കുന്നതായും അറിയിക്കപ്പെടാനുള്ള അവകാശം ഉണ്ട്.

4. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ അടുത്ത സുഹൃത്തോ ബന്ധുവോ ജില്ലയ്ക്കോ പട്ടണത്തിനോ പുറത്ത് താമസിക്കുകയാണെങ്കിൽ അറസ്റ്റ് ചെയ്ത സമയം, അറസ്റ്റ് ചെയ്യപ്പെട്ട സ്ഥലം, തടങ്കലിൽ സൂക്ഷിച്ചിരിക്കുന്ന സ്ഥലം തുടങ്ങിയവ പോലീസ് ജില്ലയിലെ നിയമ സഹായ സംഘടന വഴിയും ബന്ധപ്പെട്ട പ്രദേശത്തെ പോലീസ് സ്റ്റേഷനിലൂടെയും അറസ്റ്റ് കഴിഞ്ഞ് 8 മുതൽ 12 മണിക്കൂറിനകം ടെലഗ്രാമിലൂടെ അറിയിക്കേണ്ടതാണ്.

5. അറസ്റ്റ് ചെയ്യപ്പെടുകയോ തടവിലാക്കപ്പെടുകയോ ചെയ്താൽ ഉടൻ തന്നെ അയാളുടെ അറസ്റ്റിനെക്കുറിച്ചോ തടങ്കലിനെക്കുറിച്ചോ ആരെയെങ്കിലും അറിയിക്കുവാനുള്ള അയാളുടെ അവകാശത്തെകുറിച്ച് അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ ബോധവാനാക്കേണ്ടതാണ്.

(തുടർച്ച --2)

6. ഒരാളുടെ അറസ്റ്റിനെക്കുറിച്ച് തടവിലാക്കപ്പെട്ടിരിക്കുന്ന സ്ഥലത്തെ ഡയറിയിൽ രേഖപ്പെടുത്തേണ്ടതും അതിൽ അറസ്റ്റിനെകുറിച്ച് അറിയിക്കപ്പെട്ട അയാളുടെ അടുത്ത സുഹൃത്തിന്റെ പേരും അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ തടവിൽ സൂക്ഷിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരുകളും മറ്റ് വിവരങ്ങളും കൂടി രേഖപ്പെടു ത്തേണ്ടതാണ്.

7. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തി ആവശ്യപ്പെടുകയാണെങ്കിൽ അറസ്റ്റ് സമയത്ത് ആയാളെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും വലുതോ ചെറുതോ ആയ പരിക്കുകൾ ആയാളുടെ / അവളുടെ ശരീരത്തിൽ കാണുകയാണെങ്കിൽ ആ സമയത്ത് തന്നെ അത് രേഖപ്പെടുത്തേണ്ടതുമാണ്. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയും അറസ്റ്റ് നടപ്പിലാക്കിയ പോലീസ് ഉദ്യോഗസ്ഥനും ഇപ്രകാരം തയ്യാറാക്കുന്ന ഇൻസ്പെക്ഷൻ മെമ്മോയിൽ ഒപ്പ് വെക്കേണ്ടതും ഇതിന്റെ പകർപ്പ് അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിക്ക് നൽകേണ്ടതുമാണ്.

8. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ അയാളുടെ തടങ്കലിന്റെ ഓരോ 48 മണിക്കൂറിലും സംസ്ഥാനത്തെയോ കേന്ദ്രഭരണ പ്രദേശത്തെയോ ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ച പരിശീലനം ലഭിച്ച ഡോക്ടർമാരുടെ പാനലിൽ നിന്നും നിയമിച്ച ഒരു ഡോക്ടറുടെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. എല്ലാ തഹസീലുകൾക്കും ജില്ലകൾക്കും ആരോഗ്യവകുപ്പ് ഡയറക്ടർ ഇത്തരത്തിലുള്ള പാനലുകൾ തയ്യാറാക്കേണ്ടതാണ്.

9. മുകളിൽ സൂചിപ്പിച്ച അറസ്റ്റ് മെമ്മോ ഉൾപ്പെടെയുള്ള എല്ലാ രേഖകളുടെയും പകർപ്പുകൾ മജിസ്ട്രേറ്റിന് രേഖയായി സൂക്ഷിക്കുന്നതിന് അയച്ച് കൊടുക്കേണ്ടതാണ്.

10. ചോദ്യം ചെയ്യൽ സമയത്ത് അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിക്ക് അയാളുടെ അഭിഭാഷകനെ കാണാൻ അനുവാദം നൽകാവുന്നതും എന്നാൽ ചോദ്യ ചെയ്യലിൽ ഉടനീളം പാടുള്ളതുമല്ല.

11. സംസ്ഥാന ആസ്ഥാനത്തും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പോലീസ് കൺട്രോൾ റൂമുകൾ ഏർപ്പെടുത്തേണ്ടതും അറസ്റ്റ് നടപ്പിലാക്കി 12 മണിക്കൂറിനകം അറസ്റ്റിനെയും അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ തടങ്കലിൽ വച്ചിരിക്കുന്ന സ്ഥലത്തെയും പറ്റിയുള്ള വിവരങ്ങൾ അറസ്റ്റ് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ അവിടെ അറിയിക്കേണ്ടതും ഈ വിവരങ്ങൾ പോലീസ് കൺട്രോൾ റൂമിൽ വ്യക്തമായ ഒരു നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ